പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5455 — 31/10/2016 ൽ മറുപടിക്ക്

## പൊതുവിതരണ മേഖലയിലെ ഇടപെടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ : | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണ മേഖലയിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ ; | എ) പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ തിരിമറി/മറിച്ച വില്പന എന്നിവ തടയുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർമാത്രമായും പോലീസ്, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരവധി പരിശോധനകളും റെയ്ഡുകളും നടത്തി നിയമലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നല്കി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണം ബക്രീദ് കാലത്ത് താലൂക്ക്/ജില്ല/മേഖലാതല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25.08.2016 മുതൽ പ്രവർത്തിച്ചിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനും സ്ക്വാഡുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മറ്റുമായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം പ്രവർത്തിച്ചു വന്നിരുന്നു. ഇതിന് പുറമെ താലൂക്ക്/ജില്ലാ/മേഖലാതല കൺട്രോൾ റൂമുകളും രൂപീകരിച്ചിരുന്നു. |

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടുന്നതിന്റെ ഭാഗമായി സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ വില അടുത്ത അഞ്ച് വർഷത്തേക്ക് വർദ്ധിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടിയായി വർദ്ധിപ്പിച്ചു.

ഈ കൊല്ലം ഓണം, ബക്രീദ് ഉത്സവകാലത്ത് കഴിഞ്ഞകൊല്ലങ്ങളെക്കാൾ കാര്യക്ഷമമായ വിപണിയിടപെടൽ സപ്ലൈകോ നടത്തിയിട്ടുണ്ട്. ഇതിനായി നിലവിലുള്ള വില്പനശാലകൾ ഉൾപ്പെടെ 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. ഇതു കൂടാതെ 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്തു. സ്കൂൾ കുട്ടികൾക്ക് 5 കിലോ വീതം സൗജന്യ അരി വിതരണം ചെയ്തു. ഇത്തരം വിപണിയിടപെടലിലൂടെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചു നിർത്താൻ സർക്കാരിന് സാധിച്ചു.

| | |
|---|---|
| ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ നടന്ന ക്രമക്കേടുകൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | ബി) ഇല്ല |
| സി) റേഷൻ കടകളിൽ ഭക്ഷ്യ വസ്തുക്കൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നത് ഉറപ്പ് വരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | സി) പൊതുവിതരണ കേന്ദ്രങ്ങളിൽ വിലവിവര പട്ടിക, വിതരണതോത്, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ ലംഘനം നടത്തുന്നവർ |

ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനു പുറമേ എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസ്സുകളുടെ ഡിസ്പ്ലേ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ വിലവിവരം, വിതരണതോത് എന്നിവ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് പുറമേ എല്ലാ ദൃശ്യ, ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ റേഷൻ വിതരണ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് കൃത്യമായും ബിൽ നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഡി) നിലവിലുള്ള സംവിധാനത്തിലെ പോരായ്മകൾ എന്തെല്ലാമെന്നും ഇവ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

ഡി) നിലവിലുള്ള സംവിധാനത്തിലെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ചുള്ള ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ഈ വർഷം പ്രാബല്യത്തിൽ വരുന്നതോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമാകുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ